കേരളകൗമുദി

22 October 2016


# കലവക്കൃഷിയിലൂടെ നേടാം വിദേശപ്പണം

## സി.എം.എഫ്.ആർ.ഐയിൽ കലവ മീനിന്റെ വിത്തുത്പാദനം വൻവിജയം

▶പ്രത്യേക ലേഖകൻ

കൊച്ചി: ഉയർന്ന വിപണനമൂല്യമുള്ള കടൽമത്സ്യമായ കലവയുടെ (കടൽ കറൂഷി) വിത്തുത്പാദനം കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) വിജയകരമായി പൂർത്തിയാക്കി. ഗൾഫ് നാടുകളിൽ ആമൂർ എന്ന് വിളിക്കുന്ന കലവയുടെ വിത്തുത്പാദനം ഇന്ത്യയിൽ ആദ്യമായാണ് വൻതോതിൽ വിജയകരമായി നടത്തുന്നത്. രണ്ടുവർഷത്തെ പരിശ്രമത്തിന്റെ ഫലമായാണ് വിശാഖപട്ടണത്തെ റീജണൽ സെന്ററിൽ വിത്തുത്പാദനം നടത്തിയത്. സീനിയർ സയന്റിസ്റ്റ് ഡോ. ശുഭദീപ് ഘോഷാണ് നേതൃത്വം നൽകിയത്. ആവശ്യത്തിന് കുഞ്ഞുങ്ങൾ ലഭ്യമല്ലാത്തതിനാൽ ഇവയുടെ കൃഷി ഇന്ത്യയിൽ കുറവായിരുന്നു. സിംഗപ്പൂർ, മലേഷ്യ, തായ്‌വാൻ, ചൈന, ഹോങ്കോംഗ് എന്നിവിടങ്ങളിൽ നിന്നാണ് ഇവ കയറ്റുമതി ചെയ്യുന്നത്.

### മത്സ്യകർഷകർക്ക് അവസരം



വിത്തുത്പാദനം വിജയമായതോടെ ഇന്ത്യയിൽ വൻതോതിൽ കൃഷി ചെയ്യാനാകും. കടൽ കൂട് കൃഷിയിലൂടെ ഉത്പാദനം വർദ്ധിപ്പിച്ച് കയറ്റുമതി നടത്തുന്നതിന് മത്സ്യകർഷകർക്ക് അവസരം ലഭിക്കുമെന്ന് സി.എം.എഫ്.ആർ.ഐ അധികൃതർ പറഞ്ഞു.

“ഏത് സാഹചര്യത്തിലും വളരാൻ കഴിയുന്നതിനാലും സ്വാദുള്ള മാംസമുള്ളതിനാലും ഇവയുടെ കൃഷിക്ക് മികച്ച സാദ്ധ്യതയാണുള്ളത്. കിലോയ്ക്ക് 400 മുതൽ 450 രൂപ വരെ ലഭിക്കും. വിദേശ വിപണിയിൽ നാലിരട്ടി വില ലഭിക്കും.

ഡോ. എ. ഗോപാലകൃഷ്ണൻ
(സി.എം.എഫ്.ആർ.ഐ ഡയറക്ടർ)